21/02/22

10/2/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

**തിരുവനന്തപുരം 695 001**
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1067(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.7891/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2022 ഫെബ്രുവരി 10**

ശ്രീ. റിതിൻ കെ.,
കാരിയിൽ താരകം ഹൗസ്,
മണ്ണൂർ പി.ഒ.,
കോഴിക്കോട് - 673 328. } അപ്പീൽ ഹർജിക്കാരൻ

1) ശ്രീ. വി.പി. മഹേഷ് കുമാർ,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട് (ബി-സെക്ഷൻ),
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം. } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 9.11.2021-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും സമയബന്ധിതമായി യാതൊരു മറുപടിയും എതിർകക്ഷികൾ നൽകാതിരുന്നതും നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി, എസ്.പി.ഐ.ഒ.യുടെ പേര് എന്നിവ രേഖപ്പെടുത്താതെ മറുപടി നൽകിയതും വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമായതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ എതിർകക്ഷികളോട് കമ്മീഷൻ വിശദീകരണം തേടിയിരുന്നു. ആയത് പ്രകാരം പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ശ്രീ. വി.പി.മഹേഷ് കുമാർ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ വിശദീകരണവും

8.2.2022–ന് നേരിൽ കേട്ട വേളയിൽ ടിയാൻ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു. ഹർജിക്കാരന്റെ 6.1.2021–ലെ വിവരാവകാശ അപേക്ഷ 11.2.2021–നാണ് എതിർകക്ഷി കാര്യാലയത്തിൽ കിട്ടിയിരുന്നതെന്നും, ടി അപേക്ഷയിൽ ഫയൽ നമ്പറുകൾ മാത്രം നൽകി ആയത് ഏത് കാര്യാലയത്തിലേതെന്നോ ഏത് കാലയളവിലേതെന്നോ തീയതിയോ വ്യക്തമാക്കിയിരുന്നില്ലെന്നും, ടി ഇ2–4563/2018, ഇ2–2978/2018 എന്നീ ഫയലുകൾ കണ്ടെത്തി ആവശ്യപ്പെട്ട വിവരം/പകർപ്പ് ശേഖരിക്കുക എന്നത് ഏറെ ശ്രമകരമായിരുന്നുവെന്നും, പരിശോധനയിൽ പ്രസ്തുത ഫയൽ നമ്പർ ടി കാര്യാലയവുമായി ബന്ധപ്പെട്ട ഫയൽ ആയിരുന്നില്ല എന്ന് വ്യക്തമായിരുന്നുവെന്നും അപേക്ഷ ലഭിച്ച സമയത്ത് ടിയാന് എ–സെക്ഷന്റെയും പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും അധിക ചുമതല കൂടിയുണ്ടായിരുന്നുവെന്നും, അപേക്ഷയിലെ അവ്യക്തത കാരണമുണ്ടായ ആശയകുഴപ്പം മൂലവും, അധികചുമതല കാരണമുണ്ടായ ജോലിഭാരത്തിന്റെ സമ്മർദ്ദവും മൂലമാണ് സമയബന്ധിതമായി അപേക്ഷയ്ക്ക് മറുപടി നൽകാൻ കഴിയാതെ പോയത് എന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തതക്കതല്ല. 11.2.2021–ന് എതിർകക്ഷി കാര്യാലയത്തിൽ ലഭിച്ച വിവരാവകാശ അപേക്ഷയ്ക്ക് 10.3.2021–ന് നൽകേണ്ട മറുപടി 6 മാസത്തോളം കാലതാമസം വരുത്തി 18.9.2021–നാണ് നൽകിയിട്ടുള്ളത്. മാത്രമല്ല വിവരാവകാശ നിയമപ്രകാരം നൽകുന്ന മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്താതെ മറുപടി നൽകുന്നത് 30.3.2016-ലെ 69503/സി.ഡി.എൻ-5/2015/ജിഎഡി നമ്പർ സർക്കുലറിന്റെ ലംഘനവുമാണ്. ആയതിനാൽ ടി വീഴ്ചകൾക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറും ബി–സെക്ഷൻ സീനിയർ സൂപ്രണ്ടുമായ ശ്രീ.വി.പി.മഹേഷ് കുമാറിനെ ശിക്ഷിക്കുവാനും ശിക്ഷയായി 3000/– രൂപ (മൂവായിരം രൂപ മാത്രം) ടിയാനിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീ. വി.പി.മഹേഷ് കുമാർ, 3000/– രൂപ (മൂവായിരം രൂപ മാത്രം) "007–60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 28.2.2022-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്.

2. സമയപരിധിയ്ക്കുള്ളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയില്ലെങ്കിൽ അപേക്ഷകന് 30 ദിവസം കഴിഞ്ഞ് ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഇക്കാര്യത്തിൽ 6.1.2021-ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനെ തുടർന്ന് അപ്പീൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിന് യാതൊരു ക്ഷമാപണവും ബോധിപ്പിക്കാതെ 28.5.2021-നാണ് ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ അപ്പീൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള ക്ഷമാപണം ഹർജിക്കാരൻ ബോധിപ്പിച്ചിരുന്നില്ല എന്ന കാരണത്താലാണ് അപ്പീൽ നിരസിച്ചിരുന്നത് എങ്കിൽ ടി വിവരം ഹർജിക്കാരനെ രേഖാമൂലം സമയബന്ധിതമായി അറിയിക്കാതിരുന്നത് രണ്ടാം എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ച വീഴ്ചയാണ്. ആയതിനാൽ ടിയാൻ 1.12.2021-ന് കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണം കണക്കിലെടുത്ത് ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്ന് നിർദ്ദേശം നൽകിക്കൊണ്ട്, രണ്ടാം എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കാനുള്ള താത്ക്കാലിക തീരുമാനം കമ്മീഷൻ അവസാനിപ്പിക്കുന്നു.

3. ഒന്നാം എതിർകക്ഷിക്കെതിരെ പിഴ ശിക്ഷയായി കമ്മീഷൻ ചുമത്തിയ 3000/- രൂപ 28.2.2022-നകം ഒന്നാം എതിർകക്ഷി ഒടുക്കി കമ്മീഷൻ തീരുമാനം നടപ്പിലാക്കിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, ജലവിഭവ വകുപ്പ് സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതാണ്

4.മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി മാസം 10-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
us